LIBRARY ARCHIVES Kerala Legislative Assembly

ഫ്ലാറ്റുകൾക്ക് നോട്ടീസ് നൽകൽ

150 (1524) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിലവിൽ എത്ര ഫ്ലാറ്റുകൾക്ക്, നിയമലംഘനം നടത്തി എന്ന നിഗമനത്തിൽ നോട്ടീസ് നൽകിയിട്ടുണ്ട് ; നോട്ടീസുകൾ നൽകാനുണ്ടായ കാരണം വിശദമാക്കുമോ;

(ബി) നോട്ടീസിലെ കാരണങ്ങൾ ഒഴിവാക്കി നൽകുന്നതിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) ലഭ്യമായ വിവരം അനുസരിച്ച് കേരളത്തിൽ നിയമലംഘനം നടത്തി എന്ന നിഗമനത്തിൽ 21 ഫ്ലാറ്റുകൾക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. നിലവിലെ കെട്ടിടനിർമ്മാണ ചട്ടങ്ങൾ ലംഘിക്കുന്നതിനാലാണ് നോട്ടീസ് നൽകിയിട്ടുള്ളത്.

(ബി) നിലവിലുള്ള അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്ന നിയമ പ്രകാരം 31-3-2013-ന് മുമ്പ് നിർമ്മാണം നടത്തിയിട്ടുള്ള അനധികൃത നിർമ്മാണങ്ങൾ കോമ്പൗണ്ടിംഗ് ഫീസ് ഈടാക്കി നിബന്ധനകളോടെ ക്രമവൽക്കരിക്കുന്നതിന് അവസരമുണ്ട്.

പാർട്ണർ കേരള മിഷൻ പദ്ധതി

151 (1525) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാർട്ണർഷിപ്പ് കേരള മിഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇതിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2014 സെപ്റ്റംബർ 27-ാം തീയതി സ.ഉ.(സാധാ.) നമ്പർ 2940/തസ്വഭവ./2014 പ്രകാരം പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

(ബി) ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും, അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും പ്രാദേശിക സർക്കാരുകൾ പൊതു സ്വകാര്യ പങ്കാളിത്തത്തോടെ കണ്ടെത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുമായി രൂപീകരിച്ചിട്ടുള്ള സർക്കാർ ഏജൻസിയാണ് പാർട്ണർ കേരള മിഷൻ.

(സി) പൊതു സ്വകാര്യ പങ്കാളിത്തത്തോടെ പ്രാദേശിക സർക്കാരുകളിൽ ജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനായും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും താഴെപ്പറയുന്ന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. പാർട്ണർ കേരള മിഷൻ രൂപീകരിച്ചിട്ടുണ്ട്.

2. മെസേസ്സ് കിറ്റ്കോയെ ട്രാൻസാക്ഷൻ അഡ്വൈസറായി നിയമിച്ചിട്ടുണ്ട്.

3. പാർട്ണർ കേരള മിഷനും പ്രാദേശിക സർക്കാരുമായി ഒപ്പുവയ്ക്കേണ്ട എഗ്രിമെന്റ് സർക്കാർ അംഗീകരിക്കുകയും പദ്ധതി നടപ്പാക്കുന്ന പ്രാദേശിക സർക്കാരുമായി കരാറിൽ ഏർപ്പെടുകയും ചെയ്തിട്ടുണ്ട്.

4. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ ഉത്തരവുകൾ പുറപ്പെടുവിച്ചു കഴിഞ്ഞു.

5. പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ സാമ്പത്തിക പിന്തുണ ഉറപ്പു വരുത്തുന്നതിനായി ബാങ്കുകളുമായും ധനകാര്യ സ്ഥാപനങ്ങളുമായും ചർച്ച നടന്നു കഴിഞ്ഞിട്ടുണ്ട്.

6. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും ആശ്യമായ ട്രെയിനിംഗ് ലഭ്യമാക്കിയിട്ടുണ്ട്.

7. പദ്ധതി പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിന് മാധ്യമ പ്രവർത്തകരെ ഉൾപ്പെടുത്തി വർക്കുഷോപ്പുകൾ നടത്തിയിട്ടുണ്ട്.

8. പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതികളെ സംബന്ധിച്ച് സംസ്ഥാനത്തുള്ള നിക്ഷേപകർക്ക് വേണ്ടത്ര അവബോധം ലഭിക്കുന്നതിനായി 7 ഇൻവെസ്റ്റർ എക്സ്പോഷർ മീറ്റുകൾ സംഘടിപ്പിക്കുകയുണ്ടായി.

9. പതിനേഴ് പ്രോജക്ടുകൾക്ക് ആർ.എഫ്.കൃ. ക്ഷണിച്ചിട്ടുണ്ട്.

10. ഇതിൽ ഏഴ് പ്രോജക്ടുകൾക്ക് ഒന്നിലധികം അപേക്ഷകൾ ലഭിക്കുക യുണ്ടായി.

11. ഏഴ് പ്രോജക്ടുകളിൽ രണ്ട് പ്രോജക്ടുകൾക്ക് ആർ.എഫ്.പി. നൽകിയി ട്ടുണ്ട്.

12. മൂന്ന് പ്രോജക്ടുകളുടെ ആർ.എഫ്.പി. ഉടൻ നൽകുന്നതാണ്.

13. പത്ത് പ്രോജക്ടുകൾ ടെണ്ടർ നടപടിയിലാണ്.

14. പുതിയ പ്രോജക്ടുകളുടെ സാധ്യതാ പഠനം കിറ്റ്കോ നടത്തിവരുന്നു.

ക്ലീൻ കേരള കമ്പനി

152 (1526) ശ്രീ. പി. ശ്രീരാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ക്ലീൻ കേരള കമ്പനി രൂപീകൃതമായത് എന്നാണ്;

(ബി) പ്രസ്തുത കമ്പനി രൂപീകൃതമായതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തായിരുന്നു; അത് നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കമ്പനിയ്ക്ക് ഓരോ വർഷവും എന്ത് തുക വീതം ബഡ്ജറ്റിൽ നീക്കിവച്ചിരുന്നു; അതിൽ എന്ത് തുക വീതം ചെലവഴിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) 10-12-2013-ലാണ് ക്ലീൻ കേരള കമ്പനി രൂപീകൃതമായത്.

(ബി) സംസ്ഥാനത്തെ നഗരങ്ങളിലെ മാലിന്യ സംസ്കരണത്തിനായി ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പരിസ്ഥിതിക്ക് കോട്ടം വരാത്ത രീതിയിൽ പദ്ധതി, തയ്യാറാക്കി നടപ്പിലാക്കുകയും പ്ലാന്റുകൾ സ്ഥാപിക്കുകയും അതുവഴി മെച്ചപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുകയുമാണ് പ്രധാന ലക്ഷ്യം. കൂടാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് മാലിന്യങ്ങളും ഇലക്ട്രോണിക് മാലിന്യങ്ങളും പരിസ്ഥിതിക്ക് കോട്ടം വരാത്ത നിലയിൽ സംസ്കരിക്കുക എന്നതും ഇതിന്റെ പ്രവർത്തന ലക്ഷ്യങ്ങളിൽ ഉൾപ്പെടുന്നു.

ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly